# കവിയുടെ ദുഃഖം

## തമ്പിആൻറണി തെക്കേക്കുറ്റ്

പ്രകൃതി:

ഓർമ്മയിലെവിടെയോ
വിജനമാകുന്ന
വയൽ വരമ്പുകൾ. .
വൻമരങ്ങളുടെ
വരണ്ട തൊലികളിൽ
വർഷങ്ങളുടെ മുറിപ്പാട്
ശബ്ദമുഖരിതമായ
'നിശ്ശബ്ദ താഴ്‌വരകൾ'
മരങ്ങളുടെ ശ്മശാനമായ
കരിഞ്ഞ മരുപ്പച്ചകൾ

മനുഷ്യൻ:

കാലത്തിലൂടെ
പ്രവചനങ്ങളുമായി
എന്നോ കടന്നുപോയ
നടന്നവശരായ
പടുകിഴവന്മാർ

മതം:

മനുഷ്യദൈവങ്ങൾ
പുനസൃഷ്ടിക്കുന്ന
പ്രാർത്ഥനക്കൂട്ടങ്ങൾ

ചരിത്രം:

പുരാതന ഗ്രന്ഥങ്ങളുടെ
പൊഴിഞ്ഞുപോയ
പഴംകടലാസുകൾ

സേന:

അണുബോംബുകളുടെ
കുമ്പാരങ്ങളുമായി
വമ്പന്മാരുടെ കൂട്ടം

കൊട്ടാരം:

ചരിത്രമുറങ്ങുന്ന
നാലുകെട്ടുകൾ

ഒടുക്കം:

വിശുദ്ധിയുടെ തോട്ടങ്ങളിൽ
ഉഷ്ണക്കാറ്റിലാടുന്ന
ശവംനാറിപ്പൂക്കളിൽ
ശവകുടീരങ്ങളിൽ

കവിത:

ഓർമ്മയിലെവിടേയോ
ഓടിഓടിതളരുന്ന
അക്ഷരങ്ങളിലൂടെ. . .